**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1457** **14-03-2022 - ൽ മറുപടിയ്ക്ക്**

**കൊക്കയാർ ഗ്രാമപഞ്ചായത്തിലെ തകർന്ന വീടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൊക്കയാർ ഗ്രാമപഞ്ചായത്തിൽ 16.10.2021 ലുണ്ടായ ഉരുൾപൊട്ടലിലും മലവെളളപ്പാച്ചിലിലും എത്ര തുകയുടെ നഷ്ടമുണ്ടായെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ കൃഷി, ഭവനം, റോഡുകൾ, പാലങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടം ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | കൊക്കയാർ ഗ്രാമപഞ്ചായത്തിൽ 16.10.2021-ൽ ഉണ്ടായ ഉരുൾപ്പൊട്ടലിലും, മലവെള്ളപ്പാച്ചിലിലും കണക്കാക്കിയിട്ടുള്ള നാശനഷ്ടങ്ങൾ പ്രകാരം 7,35,54000/- രൂപയുടെ കൃഷി നാശനഷ്ടവും, 11,80,00,000 രൂപയുടെ ഭവന നാശനഷ്ടവും, 98,31,50,000 രൂപയുടെ റോഡുകൾക്കുള്ള നാശനഷ്ടവും, 3.1 കോടി രൂപയുടെ പാലങ്ങൾക്കുള്ള നാശനഷ്ടവും തിട്ടപ്പെടുത്തിയിട്ടുണ്ട് . |
| (ബി) | പ്രസ്തുത പഞ്ചായത്തിൽ എത്ര വീടുകളാണ് പൂർണ്ണമായും ഭാഗികമായും തകർന്നിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; ഇത്തരത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് എന്തൊക്കെ സഹായങ്ങൾ നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | (ബി) | കൊക്കയാർ ഗ്രാമപഞ്ചായത്തിൽ 111 വീടുകൾ പൂർണ്ണമായും, 591 വീടുകൾ ഭാഗികമായും തകർന്നിട്ടുള്ളതാണ്. ഇത്തരത്തിൽ വീടുകൾക്കുള്ള പൂർണ്ണമായ നാശത്തിന് SDRF-ൽ നിന്നുള്ള 1,01,900/-രൂപയും CMDRF-ൽ നിന്നുള്ള 2,98,100 രൂപയും ചേർത്ത് ആകെ 4 ലക്ഷം രൂപയും ഭാഗികമായി തകർന്ന വീടുകൾക്ക് SDRF-ൽ നിന്നുള്ള വിഹിതവും CMDRF-ൽ നിന്നുള്ള വിഹിതവും ചേർത്ത് 10,000/- രൂപ മുതൽ 2,50,000 രൂപ വരെ നാശനഷ്ടത്തോത് അനുസരിച്ച് അനുവദിച്ചിട്ടുണ്ട്. 29.10.2021-ലെ സ.ഉ (കൈ)നം.5/2021/ഡി.എം.ഡി ഉത്തരവ് പ്രകാരം ധനസഹായം നൽകി വരികയാണ്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. ഇതുപ്രകാരം പുറംപോക്കു ഭൂമിയിൽ താമസിച്ചിരുന്ന പൂർണ്ണമായി തകർന്നതോ, പൂർണ്ണമായി വാസയോഗ്യമല്ലാതാകുകയോ (70% അധിക നാശം നേരിട്ട വീടുകൾ) ചെയ്ത വീടുള്ള ദുരിത ബാധിതർക്ക് സ്ഥലം വാങ്ങി വീട്ടു നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപയും അനുവദിയ്ക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രദേശം ഭാവിയിൽ വീടുകൾ നിർമ്മിക്കുന്നതിന് അനുയോജ്യമല്ലെന്ന് മൈനിംഗ് & ജിയോളജി വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (സി) | കൊക്കയാർ വില്ലേജിലെ ഏന്തയാർ, ഉറുമ്പിക്കര ഭാഗങ്ങളിൽ കുത്തനെ ചെരുവുള്ള പ്രദേശങ്ങളിൽ വീടുകൾ നിർമ്മിക്കുന്നതിന് ഉചിതമല്ലായെന്ന് |

| | | | |
|---|---|---|---|
| | | | മൈനിംഗ് & ജിയോളജി വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് . |
| (ഡി) | എങ്കിൽ പകരം ഭൂമി കണ്ടെത്തി വീടുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (ഡി) | മൈനിംഗ് & ജിയോളജി വകുപ്പ് സമർപ്പിച്ചിട്ടുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ ടി പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടതുണ്ടോ എന്നതു സംബന്ധിച്ച് സാങ്കേതിക പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - പ്രകൃതിക്ഷോഭം 2021 - പ്രകൃതിക്ഷോഭത്തിൽ വീടുകൾക്ക് നാശം സംഭവിച്ചവർക്കും ദുരന്ത ബാധിതർക്കും ജീവഹാനി സംഭവിച്ചവരുടെ അവകാശികൾക്കും ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(കൈ) നം.5/2021/DMD തീയതി,തിരുവനന്തപുരം, 29/10/2021

പരാമർശം:- 1) സ.ഉ.(കൈ) നം. 194/2015/ഡി.എം.ഡി. തീയതി 20.05.2015

2) സ.ഉ.(കൈ) നം. 343/2015/ഡി.എം.ഡി. തീയതി 23.07.2015

3) സ.ഉ.(കൈ) നം. 25/2019/ഡി.എം.ഡി. തീയതി 23.08.2019

4) ലാൻഡ് റവന്യൂ കമ്മീഷണറുടെ 20.10.2021 തീയതിയിലെ LR H2/200/48/2021(2) നമ്പർ കത്ത്.

**ഉത്തരവ്**

2021- ഒക്ടോബർ മാസത്തിൽ സംസ്ഥാനം ഒട്ടാകെയുണ്ടായ അതിശക്തമായ കാലവർഷത്തിലും ഉരുൾപൊട്ടലിലും നിരവധി പേർക്ക് ജീവൻ നഷ്ടപ്പെടുകയും ഒട്ടേറെ വീടുകൾക്ക് പൂർണ്ണമായോ ഭാഗികമായോ നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. നിരവധി ദുരന്ത ബാധിതരെ ദുരിതാശ്വാസ ക്യാമ്പുകളിലും കഞ്ഞിപ്പുരകളിലും ബന്ധു ഭവനങ്ങളിലും മാറ്റി പാർപ്പിക്കുകയുണ്ടായി. ഇപ്രകാരം ജീവൻനഷ്ടപ്പെട്ടവരുടെ അവകാശികൾക്കും ദുരന്ത ബാധിതർക്കും താഴെപ്പറയും പ്രകാരം ദുരിതാശ്വാസ സഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1. പ്രളയത്തിന്റെ തീവ്രതയും ദുരന്തത്തിന്റെ കാഠിന്യവും കണക്കിലെടുത്ത് അർഹമായ വില്ലേജുകളെ ദുരന്തനിവാരണ നിയമ പ്രകാരം പ്രളയബാധിത പ്രദേശങ്ങളായി നിശ്ചയിച്ച് സമയബന്ധിതമായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് പ്രസ്തുത വില്ലേജുകളുടെ പട്ടിക നൽകുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ ചുമതലപ്പെടുത്തുന്നു.
2. പ്രകൃതിക്ഷോഭത്തിൽ 15% ലധികം തകർച്ച നേരിട്ട പുറമ്പോക്ക് സ്ഥലത്ത് ഉൾപ്പെടെയുള്ള വീടുകളിൽ താമസിച്ചിരുന്ന കുടുംബങ്ങളെ ദുരന്ത ബാധിത കുടുംബങ്ങളായി കണക്കാക്കേണ്ടതാണ്.
3. ഭാഗികമായോ പൂർണ്ണമായോ നാശനഷ്ടം സംഭവിച്ച വീടുകൾക്കും സ്ഥലത്തിനും സഹായധനം നൽകുന്നതിന് 2019-ലെ പ്രകൃതിക്ഷോഭത്തിൽ സ്വീകരിച്ച രീതി തന്നെ തുടരുന്നതാണ്.
4. നിലവിലെ അതിതീവ്ര മഴയെത്തുടർന്നുണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും ജീവഹാനി സംഭവിച്ചവരുടെ അവകാശികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള 4 ലക്ഷം (നാല് ലക്ഷം) രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 1 ലക്ഷം (ഒരു ലക്ഷം) രൂപയും ചേർത്ത് 5 ലക്ഷം (അഞ്ച് ലക്ഷം) രൂപ അനുവദിക്കുന്നു.
5. നിലവിലെ അതിതീവ്ര മഴയെത്തുടർന്നുണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും മറ്റും വീട് നഷ്ടപ്പെട്ടവർക്ക് ധനസഹായം അനുവദിക്കുന്നതിനായി ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

| പ്രകൃതിക്ഷോഭത്തിൽ കേടുപാട് പറ്റിയ വീടുകളുടെ നാശനഷ്ടം വിലയിരുത്തുന്നതിനുള്ള മാനദണ്ഡം | |
|---|---|
| മുട്ടോപ്പം ഉയരത്തിൽ വെള്ളം കയറി ചെറിയ കേടുപാടുകൾ വന്നത്<br><br>*അല്ലെങ്കിൽ*<br><br>10%ത്തിൽ താഴെ മേൽക്കൂരയ്ക്ക് നാശനഷ്ടം സംഭവിച്ച<br><br>*അല്ലെങ്കിൽ*<br><br>ഇലക്ട്രിക്കൽ/പ്ലംബിംങ് തകരാറുകൾ സംഭവിച്ചത്<br><br>*അല്ലെങ്കിൽ*<br><br>ഗൃഹോപകരണങ്ങൾ ഉപയോഗശൂന്യമായത് | 15% |
| വെള്ളം കയറിയത് കൊണ്ട് തറയ്ക്ക് കേടുപാട് സംഭവിച്ചത് & ഇലക്ട്രിക്കൽ പ്ലംബിംങ് തകരാറുകൾ<br><br>*അല്ലെങ്കിൽ*<br><br>മേൽക്കൂരയുടെ 25% വരെ തകരാറുകൾ സംഭവിച്ചത് & ഇലക്ട്രിക്കൽ പ്ലംബിംങ് തകരാറുകൾ വന്നത്<br><br>*അല്ലെങ്കിൽ*<br><br>വീട്ടിനകത്ത് ചെളിയോ മണ്ണോ അടിഞ്ഞു കൂടിയത്<br><br>*അല്ലെങ്കിൽ*<br><br>മേൽക്കൂരയുടെ 50% വരെ തകരാറുകൾ സംഭവിച്ചത് | 16-29% |
| ചുമർ ദുർബലമായി പൊട്ടലുകൾ വന്നത്<br><br>*അല്ലെങ്കിൽ*<br><br>50%ത്തിൽ ഏറെ മേൽക്കൂര നഷ്ടമായി എന്നാൽ മേൽക്കൂരയ്ക്ക് സ്ട്രക്ചറൽ തകരാറില്ല (കോൺക്രീറ്റ് അല്ലാത്ത മേൽക്കൂരയുള്ള കെട്ടിടങ്ങൾക്ക്) | 30-59% |
| ഒന്നോ ഏറെയോ ചുമരുകൾ തകർന്നു, എന്നാൽ മേൽക്കൂരയ്ക്ക് സ്ട്രക്ചറൽ തകരാറില്ല (കോൺക്രീറ്റ് അല്ലാത്ത മേൽക്കൂരയുള്ള കെട്ടിടങ്ങൾക്ക്) | 60-74% |

| | |
|---|---|
| സ്ട്രക്ചറൽ തകരാർ സംഭവിച്ച കെട്ടിടം<br>മേൽക്കൂര തകർന്ന കെട്ടിടം (കോൺക്രീറ്റ് മേൽക്കൂരയുള്ള കെട്ടിടങ്ങൾ ഉൾപ്പടെ )<br>*അല്ലെങ്കിൽ*<br>അടിത്തറ തകർന്ന് വാസയോഗ്യം അല്ലാതായത്<br>*അല്ലെങ്കിൽ*<br>വാസയോഗ്യം അല്ല എന്ന് എൻജിനിയർ ശിപാർശ ചെയ്യുന്ന വീട്<br>*അല്ലെങ്കിൽ*<br>ദുരന്ത സാധ്യതാ മേഖലയിൽ ആണ് എന്ന് ജിയോളജിക്കൽ സർവേ ഓഫ് ഇൻഡ്യയോ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 19.08.2019-ലെ സ.ഉ(സാധാ)520/2019/ഡി.എം.ഡി പ്രകാരം നിയോഗിച്ച വിദഗ്ധ സംഘമോ പഠനം നടത്തി കണ്ടെത്തിയിട്ടുള്ള വസ്തുവിൽ ഉള്ള വീട് | 75-100% |

**ii.** മിനിമം റിലീഫ് കോഡ് പ്രകാരമുള്ള ആശ്വാസ ധനസഹായം ചുവടെ ചേർക്കുന്ന വിധം അനുവദിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

| വീടിന്റെ നാശനഷ്ട തോത് | സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) | മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) | ആകെ |
|---|---|---|---|
| 75-100% മലയോരം | 1,01,900 | 2,98,100 | 4,00,000 |
| 75-100% സമതലം | 95,100 | 3,04,900 | 4,00,000 |
| 60-74% മലയോരം | 76,500 | 1,73,500 | 2,50,000 |
| 60-74% സമതലം | 71,000 | 1,79,000 | 2,50,000 |
| 30-59% മലയോരം | 51,000 | 74,000 | 1,25,000 |
| 30-59% സമതലം | 47500 | 77,500 | 1,25,000 |
| 16-29% മലയോരം | 30,500 | 29,500 | 60,000 |
| 16-29% സമതലം | 28,500 | 31,500 | 60,000 |
| 15% | 5,200 | 4,800 | 10,000 |
| പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിക്കുവാൻ സ്ഥലം വാങ്ങുന്നതിന് (ഇത്തരത്തിൽ സ്ഥലം വാങ്ങുന്ന ദുരന്ത ബാധിതർ അവരുടെ ഉടമസ്ഥതയിൽ മുൻപ് ഉണ്ടായിരുന്നതും, ദുരന്തത്തിൽ നാശം സംഭവിച്ചതുമായ വീട് നിലനിന്ന വസ്തുവിൽ ഭാവിയിൽ ഒരു നിർമ്മാണ പ്രവൃത്തിയും നടത്തുന്നില്ല എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പാക്കേണ്ടതാണ്) | | ≤6,00,000 | ≤6,00,000 |

| | | | |
|---|---|---|---|
| പ്രകൃതിക്ഷോഭത്തിൽ വീട്ടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് വീട്ടും സ്ഥലവും ഒരുമിച്ച് വാങ്ങുന്നതിന് (ഇത്തരത്തിൽ സ്ഥലം വാങ്ങുന്ന ദുരന്ത ബാധിതർ അവരുടെ ഉടമസ്ഥതയിൽ മുൻപ് ഉണ്ടായിരുന്നതും, ദുരന്തത്തിൽ നാശം സംഭവിച്ചതുമായ വീട് നിലനിന്ന വസ്തുവിൽ ഭാവിയിൽ ഒരു നിർമ്മാണ പ്രവൃത്തിയും നടത്തുന്നില്ല എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പാക്കേണ്ടതാണ്) | 1,01,900 (മലയോരം - വീടിന്)<br>95,100/- (സമതലം - വീടിന്) | 2,98,100 (മലയോരം - വീടിന്)<br>3,04,900/- (സമതലം - വീടിന്)<br>≤6,00,000<br>(സ്ഥലം വാങ്ങുന്നതിന്) | ≤10,00,000 |
| ദുരന്ത സാധ്യതാ മേഖലയിൽ ആണ് എന്ന് ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയോ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിയോഗിച്ച വിദഗ്ദ്ധ സംഘമോ പഠനം നടത്തി വാസയോഗ്യം അല്ല എന്ന് കണ്ടെത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച വീടുള്ള വസ്തുവിൽ നിന്നും മാറി വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിന്/വസ്തുവും വീട്ടും ഒരുമിച്ച് വാങ്ങുന്നതിന് (ഇത്തരത്തിൽ സ്ഥലം വാങ്ങുന്ന ദുരന്ത ബാധിതർ അവരുടെ ഉടമസ്ഥതയിൽ മുൻപ് ഉണ്ടായിരുന്നതും, ദുരന്ത സാധ്യത ഉള്ളതാണ് എന്ന് വിദഗ്ധ പഠനം ചൂണ്ടികാട്ടിയതുമായ, വീട് നിലനിന്ന വസ്തുവിൽ ഭാവിയിൽ ഒരു നിർമ്മാണ പ്രവൃത്തിയും നടത്തുന്നില്ല എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പാക്കേണ്ടതാണ്. ഇത്തരത്തിൽ സഹായം സ്വീകരിച്ച ശേഷം ദുരന്ത സാധ്യതയുള്ള വീട്ടിൽ തുടർന്നും ആരും വസിക്കുന്നില്ല എന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പാക്കേണ്ടതാണ്) | | ≤10,00,000 | ≤10,00,000 |

6) പുറമ്പോക്ക് ഭൂമിയിൽ താമസിച്ചിരുന്ന പൂർണ്ണമായും തകർന്നതോ, പൂർണ്ണമായും വാസയോഗ്യമല്ലാതാവുകയോ (75% അധികം നാശനഷ്ടം നേരിട്ട വീടുകൾ) ചെയ്ത വീടുള്ള ദുരന്ത ബാധിതർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിക്കുന്നു. ഇതിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡത്തിന് ഉപരിയായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
സെക്രട്ടറി

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ,ഐ.റ്റി മിഷൻ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്ലാനിംഗ്, (സി.പി.എം.യു) വകുപ്പ്
റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് (ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും ബന്ധപ്പെട്ട എല്ലാ വകുപ്പ് തലവൻമാർക്കും
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. )
പൊതുജന സമ്പർക്ക വകുപ്പ് (Web & New media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :-
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്
റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
ദുരന്ത നിവാരണ (എ4) സെക്ഷന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ